# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2151 — 23.3.2012-ൽ മറുപടിക്ക്.

### കൊച്ചി മെട്രോ റെയിലിന്റെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ശ്രീ.പി.സി. ജോർജ്ജ്:<br>ഡോ.എൻ. ജയരാജ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിലിനു മുന്നോടിയായുള്ള അടിസ്ഥാന സൗകര്യ വികസന ജോലികൾ ഏതു ഘട്ടം വരെയായി ; വ്യക്തമാക്കുമോ; | (എ) | നോർത്ത് മേൽപാലത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പൈലിംഗ് പണിയുടെ 50% പൂർത്തീകരിക്കുകയും, പൈൽക്യാപ്പുകളുടേയും തൂണുകളുടേയും പണികൾ പുരോഗമിക്കുകയും, ഗർഡറുകളുടെ നിർമ്മാണവും, തൂണുകളിൽ ഘടിപ്പിക്കുന്ന പണികളും സലീം രാജൻ - KSRTC മേൽപാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പൈലിംഗ് പണിയുടെ 75% വും പൂർത്തീകരിച്ചിട്ടുണ്ട്. പൈൽക്യാപ്പുകളുടേയും, തൂണുകളുടേയും പണികളും പുരോഗമിക്കുന്നു.<br>M.G റോഡ്, ബാനർജി റോഡ്, സൗത്ത് റയിൽവേ സ്റ്റേഷൻ റോഡുകളുടെ വീതികൂട്ടൽ, സ്ഥലമെടുപ്പ് തുടങ്ങിയ നടപടികൾ നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത അടിസ്ഥാന സൗകര്യ വികസന ജോലികളുടെ പൂർത്തീകരണത്തിന് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; | (ബി) | 5 പ്രാരംഭ ജോലികൾ പൂർത്തീകരിക്കുന്നതിനായി മൊത്തം 199.28 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (സി) | നോർത്ത് മേൽപ്പാലത്തിന്റെ പുനർനിർമ്മാണവും, KSRTC Bus stand ന് സമീപം പുതിയ ROB നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ ജൂലൈ 2013 ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ബാനർജി റോഡ് വീതികൂട്ടൽ, ജോസ് ജംഗ്ഷൻ മുതൽ സ്റ്റേഷൻ അപ്രോച്ച് റോഡ് വരെയുള്ള വീതികൂട്ടൽ, MG റോഡിന്റെ വികസനം മുതലായവയുടെ സ്ഥലമേറ്റെടുത്ത് DMRC ക്ക് കൈമാറുന്നതു മുതൽ ഒരു വർഷ സമയത്തിനകം ടി പ്രവർത്തികൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ